**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,**
**തിരുവനന്തപുരം– 695 001.**

## <u>വിജ്ഞാപനം</u>

## <u>KEAM–2021</u>

**<u>എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം</u>**
**<u>രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.</u>**

2021 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 11.03.2022 രാവിലെ 10.00 മണി വരെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത് . അഖിലേന്ത്യാ കൗൺസിലിംഗിലൂടെ എം.ബി.ബി.എസ്/ ബി.ഡി.എസ് ആൾ ഇന്ത്യാ ക്വാട്ട സീറ്റുകളിൽ പ്രവേശനത്തിലിരിക്കുന്ന വിദ്യാർത്ഥികളെ ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് പരിഗണിച്ചിട്ടില്ല.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ് . അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹോം പേജിൽ നിന്ന് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി , ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **അലോട്ട്മെന്റ് മെമ്മോ പ്രിന്റൗട്ട് എടുക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനുമുള്ള സൗകര്യം 15.03.2022 വൈകുന്നേരം 4.00 മണി മുതൽ ലഭ്യമാകുന്നതാണ്.**

രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ് / ബാക്കി തുക (ബാധകമെങ്കിൽ) അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **16.03.2022 മുതൽ 19.03.2022 ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പ് പ്രോസ്പെക്ടസ് ക്ലോസ് **11.7.1** പ്രകാരമുള്ള രേഖകളുമായി ഹാജരായി പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ് .സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ /ഒ.ഇ.സി ക്ക്

ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ , 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും 1000/- രൂപ ടോക്കൺഫീസായി അടയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ദന്തൽ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള പ്രകാരമുള്ള ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet'എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിനു ശേഷം ഒഴിവ് വരുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് ഓൺലൈൻ മോപ് കൗൺസിലിംഗിലൂടെ നികത്തുന്നതാണ് . മോപ്അപ് കൗൺസിലിംഗിൽ ഒഴിവുകളനുസരിച്ച് ഒരു സർക്കാർ കോളേജിൽ നിന്നും മറ്റൊരു സർക്കാർ കോളേജിലേക്കും ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേക്കും വിദ്യാർത്ഥികൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ മാറ്റം അനുവദിക്കുന്നതാണ്. മോപ് അപ് കൗൺസിലിംഗ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ് ലൈൻ നം. 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.14 14:43:59 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**14/03/2022**